Draft #60 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 23-Jun-2021 07:05 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 17152/ADA1 SO/2020/എ ഡി എ 1 — തീയതി: 23.06.2021

**<u>സർക്കുലർ</u>**

വിഷയം:- സർവ്വകലാശാല ഭരണം: കോവിഡ് 19 നിർവ്യാപനം - രോഗസ്ഥിരീകരണ നിരക്കിൻറെ അടിസ്ഥാനത്തിലുള്ള 'ലോക്ക് ഡൗൺ' ഇളവുകൾ - സർവ്വകലാശാല പ്രവർത്തനങ്ങളുടെ ക്രമീകരണം - പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. 16.06.2021 തീയതിയിലെ 17152/AD A1SO/2020/എ ഡി എ 1 നമ്പർ സർവ്വകലാശാല പരിപത്രം.
2. കേരള സംസ്ഥാന ദുരന്ത നിവാരണ (എ) വകുപ്പിൻറെ 22.06.2021 തീയതിയിലെ G.O. (Rt) No. 479/2021/DMD നമ്പർ ഉത്തരവ്.

-------------

കോവിഡ് നിർവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി, രോഗസ്ഥിരീകരണ നിരക്കിൻറെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ നാല് കാറ്റഗറിയായി തിരിച്ച്, സർക്കാർ പുറപ്പെടുവിച്ചിരുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, 17 ജൂൺ 2021 മുതൽ സർവ്വകലാശാല പ്രവർത്തനങ്ങളിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് സൂചന (1) പ്രകാരം, പരിപത്രം പുറപ്പെടുവിച്ചിരുന്നു.

എന്നാൽ, സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം, രോഗസ്ഥിരീകരണ നിരക്കിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചിട്ടുള്ള A, B കാറ്റഗറിയിൽ പെടുന്ന പ്രദേശങ്ങളിലെ കേന്ദ്ര / സംസ്ഥാന സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തുടങ്ങിയവ 50% ജീവനക്കാരുമായി റൊട്ടേഷൻ അടിസ്ഥാനത്തിൽ പ്രവർത്തിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു.

ആയതിൻറെ അടിസ്ഥാനത്തിൽ, സർവ്വകലാശാലയിൽ 2021 ജൂൺ 24 മുതൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ വൈസ് ചാൻസലറുടെ അംഗീകാരത്തോടെ നടപ്പിൽ വരുത്തിക്കൊണ്ട്, സർവ്വകലാശാല പ്രവർത്തനങ്ങളിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിക്കൊള്ളുന്നു.

1. 2021 ജൂൺ 24 മുതൽ സർവ്വകലാശാലയിലെ എല്ലാ വിഭാഗം ജീവനക്കാരും 50 % നിരക്കിൽ റൊട്ടേഷൻ അടിസ്ഥാനത്തിൽ ജോലിക്ക് ഹാജരാകേണ്ടതാണ്. സർവ്വകലാശാലയിലെ എല്ലാ പഠനവിഭാഗങ്ങൾക്കും സ്റ്റഡി സെൻററുകൾക്കും ഈ നിബന്ധന ബാധകമായിരിക്കും.

   - 50% നിരക്കിൽ ഹാജരാകേണ്ട ജീവനക്കാരുടെ 'റൊട്ടേഷൻ റോസ്റ്റർ' തയ്യാറാക്കുന്നതിനും, ആയത് പ്രകാരം ജീവനക്കാർ ഹാജരാകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ബന്ധപ്പെട്ട ബ്രാഞ്ച് ഓഫീസർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു.
   - പഠനവിഭാഗങ്ങളിലും, സ്റ്റഡി സെൻററുകളിലും 50% ജീവനക്കാർ ഹാജരാകുന്നുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പ് മേധാവികൾ ഉറപ്പാക്കേണ്ടതാണ്.
   - 'റൊട്ടേഷൻ റോസ്റ്റർ' പ്രകാരം ഹാജരാകേണ്ട ദിവസങ്ങളിൽ മതിയായ കാരണം കൂടാതെ ജോലിക്ക് ഹാജരാകാതിരിക്കുന്ന ജീവനക്കാരുടെ പ്രസ്തുത ദിവസങ്ങൾ ആകസ്മിക / അർഹമായ അവധിയായി കണക്കാക്കുന്നതാണ്.
   - ജീവനക്കാരുടെ ദൈനംദിന ഹാജർ നില, ബന്ധപ്പെട്ട ബ്രാഞ്ച് ഓഫീസർമാർ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

3. സർവ്വകലാശാലയിലെ സെക്യൂരിറ്റി, ക്ലീനിംഗ്, ഗാർഡൻ, ഡ്രൈവർ, കണ്ടക്ടർ, ഹെൽത്ത് സെൻറർ, എൻജിനീയറിംഗ് (ജലവിതരണം, ഇലക്ട്രിസിറ്റി), CITAD, CETEX വിഭാഗങ്ങളിലെ പ്രോഗ്രാമർ, ഹാർഡ്‌വെയർ എൻജിനീയർ തുടങ്ങിയ അവശ്യ സേവന വിഭാഗങ്ങളിൽപ്പെടുന്ന ജീവനക്കാർ 50% എന്ന വ്യവസ്ഥ കണക്കാക്കാതെ 2021 ജൂൺ 24 മുതൽ പൂർണ്ണമായ തോതിൽ ജോലിക്ക് ഹാജരാകേണ്ടതാണ്.

4. ഗർഭിണികൾ, ഒരു വയസ്സിൽ താഴെ പ്രായമുള്ള കുഞ്ഞുങ്ങളുടെ അമ്മമാർ, ഭിന്നശേഷിക്കാർ, ഓട്ടിസം, സെറിബ്രൽ പാൾസി, മറ്റ് മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾ, ഗുരുതര രോഗ ബാധിതർ, അവയവ മാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകാൻ പോകുന്നവർ/വിധേയരായവർ (ഹൃദയ വാൽവ് മാറ്റി വെയ്ക്കപ്പെട്ടവർ ഉൾപ്പെടെ), ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, ഒരു മാസത്തിന് മുൻപ് ഗുരുതരമായ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുള്ളവരും വിധേയരാകാൻ പോകുന്നവരുമായ രോഗികൾ (ശസ്ത്രക്രിയ കഴിഞ്ഞ് പരമാവധി ഒരു മാസത്തേയ്ക്ക്) തുടങ്ങിയ ജീവനക്കാർക്ക്, അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, 'വർക്ക് ഫ്രം ഹോം' വ്യവസ്ഥയിൽ ജോലി ചെയ്യുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ ഏർപ്പെടുത്തേണ്ടതാണ്.

**രമേഷ് ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ സർവ്വകലാശാല പഠനവിഭാഗങ്ങൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. പി.ആർ.ഒ./ സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
5. കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
6. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഡേ ഫയൽ/ ഫയൽ കോപ്പി

Draft #60 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 23-Jun-2021 07:05 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം